⇨ 2016ലെ നിയമസഭാ തെരഞ്ഞെടുപ്പ് ഐൻസ്റ്റീന്റെ വരികൾ ശരിവയ്ക്കുന്നതാണ് ⇨

# 2096ലെ ഭീകര ദുരന്തത്തിന് 2016ലെ കാർണിവെൽ കയ്യൊപ്പ്

40 കൊല്ലങ്ങൾക്ക് ശേഷം നമുക്ക് ഒരു തെരഞ്ഞെടുപ്പ് ആവശ്യമായി വരില്ല. കാരണം, അന്ന് കേരളത്തിൽ ശേഷിക്കുക കുറേ കല്ലും പൊടിയുമായിരിക്കും. അതായത്, ഉയർന്ന താപനിലമൂലം കടലെടുത്ത് ബാക്കിവരുന്ന കേരളം മനുഷ്യവാസത്തിന് അനുയോജ്യമല്ലാത്ത ഒരു മരുഭൂമിയായിരിക്കും.

**കെ. അരവിന്ദാക്ഷൻ**

**സ്കൂൾ** വിദ്യാർത്ഥികൾക്ക് പോലും മനഃപാഠമായിട്ടുള്ള ആൽബർട്ട് ഐൻസ്റ്റീന്റെ ഒരു വാചകമുണ്ട്. "ഏതൊക്കെ ആയുധങ്ങളാണ് മൂന്നാം ലോക മഹായുദ്ധത്തിൽ പ്രയോഗിക്കപ്പെടുക എന്ന് എനിക്കറിയില്ല, എന്നാൽ നാലാം ലോകമഹായുദ്ധം കല്ലുകളും വടികളും കൊണ്ടായിരിക്കും."

ഐൻസ്റ്റീന്റെ മേലുദ്ധരിച്ച വരികൾ മലയാളികൾ വാച്യാർത്ഥത്തിൽ മനസ്സിലാക്കിയിട്ടുണ്ടാവും. എന്നാൽ അതിന്റെ ഉള്ളർത്ഥം ഉപരിപ്ലവജീവിയായ മലയാളി വായിച്ചിരിക്കാനിടയില്ല. 2016ലെ നിയമസഭാ തെരഞ്ഞെടുപ്പ് ഐൻസ്റ്റീന്റെ വരികൾ ശരിവയ്ക്കുന്നതാണ്. കേരളം അഭിമുഖീകരിക്കുന്ന പാരിസ്ഥിതിക ദുരന്തത്തെ ഒരു മുന്നണിയുംകാര്യമായെടുത്തില്ല. അതായത്, ഐൻസ്റ്റീൻ ഭംഗ്യന്തരേണ പറഞ്ഞതുപോലെ 2016ലെ തെരഞ്ഞെടുപ്പ് ഏതാണ്ട് പൂർണ്ണമായി നശിച്ചുകൊണ്ടിരിക്കുന്ന കേരളത്തിന്റെ പരിസ്ഥിതിയെ സർവ്വനാശത്തിലേക്ക് ആര് നയിക്കും എന്നതിന്റെ ജനാധിപത്യ അനുമതി പത്രം വാങ്ങലാണ്. 80 കൊല്ലങ്ങൾക്ക് ശേഷം നമുക്ക് ഒരു തെരഞ്ഞെടുപ്പ് ആവശ്യമായി വരില്ല. കാരണം, ഐൻസ്റ്റീൻ പറഞ്ഞതുപോലെ കേരളത്തിൽ ശേഷിക്കുക കുറേ കല്ലും പൊടിയുമായിരിക്കും. അതായത്, ഉയർന്ന താപനിലമൂലം കടലെടുത്ത് ബാക്കിവരുന്ന കേരളം മനുഷ്യവാസത്തിന് അനുയോജ്യമല്ലാത്ത ഒരു മരുഭൂമിയായിരിക്കും. ഇത് ഒരു ദോഷൈകദൃക്കിന്റെ പാഴ്‌വാക്കുകളായി തോന്നാം. എന്തുകൊണ്ട് ഞാനീയൊരു കാഴ്ചപ്പാടിൽ എത്തിയെന്നതിന്റെ കാരണങ്ങൾ വിവരിക്കാം.

1. കേരള സംസ്ഥാനം രൂപീകൃതമാകുന്നതിന് തൊട്ടുമുമ്പുള്ള നൂറ്റാണ്ടുകളിൽ ഇവിടെയെത്തിയ അധിനിവേശക്കാരും ഇവിടെയുണ്ടായിരുന്ന രാജാക്കന്മാരും പ്രഭുക്കന്മാരും പൗരമുഖ്യരും ജന്മിമാരും പരിസ്ഥിതിയെ ചൂഷണം ചെയ്തിട്ടുണ്ട്. എന്നാൽ ജനസംഖ്യ കുറവായിരുന്നതിനാലും ശാസ്ത്ര-സാങ്കേതിക മികവ് ശൈശവദിശയിൽ ആയിരുന്നതിനാലും അത്തരം ചൂഷണങ്ങൾക്ക് കാര്യമായ ആഘാതങ്ങൾ നമ്മുടെ പരിസ്ഥിതിയിൽ ഏൽപ്പിക്കാനായില്ല.

2. ഐക്യകേരളം രൂപീകൃതമായി. ജനായത്ത ഭരണമെത്തി. ചൂഷണത്തിന്റെ രീതികളിൽ മാറ്റമുണ്ടായി. കോൺഗ്രസും മാർക്സിസ്റ്റ് പാർട്ടിയും നേതൃത്വം നൽകിയ ഇരുമുന്നണികളും മാറിമാറി വർഗ്ഗീയ കക്ഷികളായ കേരള കോൺഗ്രസ്സിനെയും മുസ്ലീംലീഗിനെയും കൂ




ട്ടുപിടിച്ചു ഭരിച്ചു. വൻതോതിലുള്ള പാരിസ്ഥിതിക കയ്യേറ്റങ്ങൾക്ക് ക്രിസ്ത്യൻ-മുസ്ലീം ലോബികളും ഗാന്ധി കോൺഗ്രസ്സും സ്റ്റാലിനിസ്റ്റ് മാർക്സിസ്റ്റുകളും ഒന്നിച്ചുകൂടി. അതിന്നും തുടരുന്നു.

3. 1970കളിൽ പാരിസ്ഥിതികാവബോധത്തിന് കേരളത്തിലും നാവുകളുണ്ടായി. എൺപതുകളിൽ അത് വ്യാപകമായി. തൊണ്ണൂറുകളും പുതിയ നൂറ്റാണ്ടിന്റെ ഇതുവരെയുള്ള വർഷങ്ങളും അക്കാര്യത്തിൽ പിന്നിലായിരുന്നില്ല. പരിസ്ഥിതി സംരക്ഷണത്തിനും ദർശന പ്രചരണത്തിനുമായി നിരവധി പുസ്തകങ്ങളും പ്രസിദ്ധീകരണങ്ങളും ചെറുസംഘങ്ങളുമുണ്ടായി. അതിനായി ജീവിതം ഹോമിച്ച 'അ'രാഷ്ട്രീയക്കാരായ കുറച്ചു നല്ല മനുഷ്യരുമുണ്ടായി. ശാസ്ത്ര സാഹിത്യ പരിഷത്തിനെ മാറ്റിനിർത്തിയാൽ ചെറുപ്രസ്ഥാനങ്ങളൊന്നും തന്നെ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുമായി ബന്ധമുള്ളതായിരുന്നില്ല. 1970–2016നും ഇടയിൽ വളരെ ഒറ്റപ്പെട്ട ചില വിജയങ്ങൾ മാറ്റി നിർത്തിയാൽ, പാരിസ്ഥിതിക രംഗത്ത് കാതലായ ഒരു മാറ്റവും കൊണ്ടുവരാൻ നമുക്ക് കഴിഞ്ഞില്ല. ഇന്ത്യയിൽ ഏറ്റവും കൂടുതൽ പാരിസ്ഥിതികാവബോധമുള്ള ജനത കേരളത്തിലാണുള്ളത്. പക്ഷെ, ഈ സാക്ഷരത പാരിസ്ഥിതിക ദുരന്തം തടയാൻ പര്യാപ്തമായില്ല. നമ്മുടെ കാടുകൾ, നദികൾ, തടാകങ്ങൾ, കായലുകൾ, വയലുകൾ, കടലോരങ്ങൾ, കുന്നുകൾ, പാറകൾ, തോടുകൾ, ചാലുകൾ, കുളങ്ങൾ, പൊതു മൈതാനങ്ങൾ, പശ്ചിമഘട്ടം എന്നിവയുടെ ആറരപതിറ്റാണ്ട് കാലത്തെ ഓഡിറ്റ് നോക്കിയാൽ എന്താണ് ഇവിടെ അവശേഷിച്ചിട്ടുള്ളത് എന്നറിയാൻ കഴിയും. ദാർശനിക സംവാദത്തിലോ, പ്രചാരണത്തിലോ, ബോധവത്കരണത്തിലോ നാം ഒട്ടും പിന്നിലല്ല. അദ്ധ്യയന വർഷം ആരംഭിക്കുന്ന ജൂൺ മാസത്തിൽ, കഴിഞ്ഞ പത്ത് കൊല്ലമായി നാം ആഘോഷപൂർവ്വം നട്ട തൈകൾ വളർന്ന് വലുതായിരുന്നെങ്കിൽ കേരളം ഒരു മഹാവനമായി മാറുമായിരുന്നു.

4. 1970കളിൽ പാരിസ്ഥിതികാവബോധം ഉദയം ചെയ്ത കാലത്തുതന്നെയാണ് മലയാളി പരമ്പരാഗത തൊഴിലന്വേഷണ നഗരങ്ങളായ ബോംബെ, മദിരാശി, കൽക്കട്ട എന്നിവ വിട്ട് ഗൾഫ് നാടുകളിലേക്ക് പറന്നത്. ഗൾഫ് പണമാണ് നമ്മുടെ പട്ടിണി മാറ്റാൻ പ്രധാന പങ്കുവഹിച്ചത്. അതോടൊപ്പം ഗൾഫ് പണം നമ്മുടെ പരിസ്ഥിതി രംഗത്ത് അനല്പമായ വിപത്തുകളുമുണ്ടാക്കി.

ഇന്ന് ഗൾഫ്, അമേരിക്ക, ആസ്ട്രേലിയ, ആഫ്രിക്ക, ഇന്ത്യയിലെ ഐ.ടി നഗരങ്ങൾ എന്നിവിടങ്ങളിൽ അധ്വാനിക്കുന്ന മലയാളികൾ ഒരു വർഷം ഇവിടേക്കെത്തിക്കുന്ന പണം ഒരു ലക്ഷം കോടി രൂപയോളമുണ്ട്. ഇതോടൊപ്പം കള്ളക്കടത്തായും (സ്വർണ്ണം പ്രധാനം) കള്ളനോട്ടായും 25,000 കോടിയും ചേർന്നാൽ ഒന്നേകാൽ ലക്ഷം കോടി രൂപയുണ്ട്. ഇത് നാം പ്രധാനമായും വിനിയോഗിക്കുന്നത് ഭൂമി വാങ്ങുന്നതിനും കൂറ്റൻ ബംഗ്ലാവുകളും ആഡംബര വീടുകളും മാളുകളും ഫ്ളാറ്റുകളും പണിയുന്നതിനുമാണ്. കൂരയില്ലാത്ത ദളിതരും ആദിവാസികളും ദരിദ്രരും കേരളത്തിലുണ്ട്. എന്നാൽ അതിലും എത്രയോ കൂടുതലാണ് ഒന്നിൽ കൂടുതൽ വീടുകളും ഫ്ളാറ്റുകളുമുള്ള മലയാളികളുടെ എണ്ണം.

നമ്മുടെ മൂന്ന് മുന്നണികളും നിർമ്മാണ മേഖലയിലും ടൂറിസ്റ്റ്-റോഡ്-ഹൈവേ വികസനങ്ങളിലുമാണ് തൊഴിൽ സാദ്ധ്യതയ്ക്ക് ഊന്നൽ നൽകുന്നത്. കേരളത്തിന്റെ ശേഷിക്കുന്ന പാറകളും നദികളിലെ മണലും കാട്ടിലെ മരങ്ങളും കുന്നുകളും വയലുകളുമെല്ലാം ഇതിനുപയോഗിച്ചാലും വികസനം ഒരിടത്തുമെത്തില്ല. പശ്ചിമഘട്ടം മൊത്തമായി വിറ്റഴിക്കാൻ മൂന്നു മുന്നണികളും തയ്യാറാണ്. ക്രിസ്ത്യൻ പുരോഹിതർ കണ്ണുരുട്ടിയാൽ ഏത് രാഷ്ട്രീയക്കാരനാണ് തലകുനിക്കാത്തത്? വോട്ടിനുള്ള വെറും ചരക്കു മാത്രമാണ് നമുക്ക് മണ്ണും ജലവും കാടുമെല്ലാം. ഗാഡ്ഗിൽ റിപ്പോർട്ടിന്റെ കാര്യത്തിൽ കോൺഗ്രസും മാർക്സിസ്റ്റ് പാർട്ടിയും കത്തോലിക്ക സഭയ്ക്കൊപ്പം കളിച്ച കളി നാം കണ്ടതാണ്.

'യഥോ രാജ, തഥാ പ്രജ' എന്നത് യാഥാർത്ഥ്യമാകുന്നത് കേരളീയരുടെ കാര്യത്തിലാണ്. എന്റെ മാലിന്യം അയൽക്കാരുടെ മുഖത്തിടുന്ന മനോഭാവമാണ് ശരാശരി മലയാളിയുടേത്. അഞ്ചു സെന്റിൽ വലിയ വീടുകെട്ടി, ബാക്കി ഭാഗം കോൺക്രീറ്റോ ടൈലോ ഇട്ട് ഭംഗിയായി, സ്വയം സുരക്ഷിതമായ മാളത്തിലൊളിക്കുന്ന മലയാളി മനസ്സിന് താൽകാലിക സുരക്ഷയിലും ലാഭത്തിലും മാത്രമാണ് നോട്ടം. ഈ മലയാളി മനസ്സിലാണ് ഭൂമാഫിയയും മണൽ മാഫിയയും രാഷ്ട്രീയ മാഫിയയും വിദ്യാഭ്യാസ മാഫിയയും ആരോഗ്യ മാഫിയയും സാംസ്കാരിക-ആത്മീയ മാഫിയയും തഴച്ചു വളരുന്നത്.

5. മലയാളി മനസ്സ് ഇത്രയും ക്രൂരമാക്കിയത് തൊണ്ണൂറുകളിലെ ഉദാരീകരണവും ആഗോളീകരണവും അതോടൊപ്പമുണ്ടായ ശാസ്ത്ര-സാങ്കേതിക വിസ്ഫോടനവുമാണ്. നവ ഉദാരവത്കരണം പൗരന്മാരെ പുനർനിർവചിക്കുന്നത് ഉപഭോക്താക്കളായിട്ടാണ്. സാധനങ്ങൾ വാങ്ങിക്കൂട്ടുന്നതിലാണ് അവരുടെ ജനാധിപത്യ തെരഞ്ഞെടുപ്പ് അന്വർത്ഥമാകുന്നതെന്ന് മലയാളികളെ ഉദാഹരണമാക്കി നമുക്ക് പറയാൻ കഴിയും. പൊതുവിദ്യാഭ്യാസം, പൊതു ആരോഗ്യം, പൊതു ഗതാഗതം, പൊതു നീതിന്യായവ്യവസ്ഥ തുടങ്ങിയ ജനാധിപത്യ ഇടങ്ങളെ തകർത്തും വിദ്യാഭ്യാസവും ആരോഗ്യവും വർഗീയ-ജാതീയ ശക്തികൾക്ക് തീറെഴുതിക്കൊടുത്തും പൊതുഗതാഗതം വൻകിട മോട്ടോർ നിർമ്മാണ കമ്പനികളെ ഏൽപ്പിച്ചും നീതിന്യായവ്യവസ്ഥ രാഷ്ട്രീയ മാഫിയ സംഘങ്ങൾക്ക് നൽകിയും മലയാളി കൈയൊഴിയുന്നു.

6. ഏത് മേഖലയിലായാലും മലയാളിയെപ്പോലെ അറിവുള്ളവരായി ആരുമില്ല. എല്ലാം അറിയുന്ന സർവ്വജ്ഞാനിയായ മലയാളി തന്റെ സ്വാർത്ഥമോഹങ്ങളിൽ കുരുങ്ങിയും നിർലജ്ജമായ ഉപഭോഗപരതിയിൽ മുങ്ങിക്കുളിച്ചും ആനന്ദിക്കുകയാണ്. ഉപഭോഗപരതയേക്കാൾ മുന്തിയൊരു ലഹരി മലയാളിക്കില്ല. ജാതി-മത-കുടുംബ-വ്യക്തി-ലിംഗ വിഭാഗീയതകളിലേക്ക് തിരിച്ചുപോകുന്ന മലയാളിയെ ഒരു ദുരന്തവും ആഴത്തിൽ സ്പർശിക്കാറില്ല. ദുരന്തവും മലയാളിക്ക് ഉപഭോഗമാണ്, കാഴ്ചയ്ക്കും കേൾവിക്കുമുള്ളത്. പരവൂർ പുറ്റിങ്ങൽ ക്ഷേത്രത്തിലെ വെടിക്കെട്ട് അപകടത്തിന്റെ ചോരക്കറ ഉണങ്ങും മുമ്പേ തൃശൂർ പൂരം വെടിക്കെട്ട് കെങ്കേമമാക്കാൻ നമ്മുടെ മാർക്സിസ്റ്റുകാരും കോൺഗ്രസ്സുകാരും ക്രിസ്ത്യൻ ബിഷപ്പുമാരും ഉദ്യോഗസ്ഥ-ന്യായാധിപന്മാരും ഒന്നിച്ചുചേർന്നത് മലയാളി മനസ്സിന്റെ ക്രൂരതയാണ് വെളിവാക്കുന്നത്.

ഐൻസ്റ്റീന്റെ വാക്കുകൾ മലയാളിയുടെ കാര്യത്തിൽ തെറ്റിപ്പോകില്ല. 2096ൽ ഊഷരമായ, കല്ലും പൊടിയും മാത്രം അവശേഷിക്കുന്ന ഭൂവിഭാഗത്തിന് കേരളമെന്ന പേര് യോജിക്കില്ല. 'ഊഷളം' എന്നതാണ് അനുയോജ്യം. അതിലെ വഷളത്തം മലയാളിക്ക് ചേർന്നതാണ്. അന്ന് മലയാളമെന്ന ഭാഷപോലും ഉണ്ടായിരിക്കില്ലെന്ന് ആശ്വസിക്കാം. ഭൂമിയുണ്ടെങ്കിലല്ലേ ദേശം! ദേശമുണ്ടെങ്കിലല്ലേ ജനം! ജനമുണ്ടെങ്കിലല്ലേ ഭാഷ!

2016ലെ തെരഞ്ഞെടുപ്പ് നമുക്ക് മഹാകാർണിവലായിരുന്നു. എല്ലാവർക്കും സസുഖം കണ്ടും കേട്ടും കൊടുത്തും കയ്യിട്ടും രസിക്കാവുന്ന കാർണിവെൽ. 2096ൽ പതിയിരിക്കുന്ന മഹാദുരന്തത്തിന് ഒരിക്കൽക്കൂടി കയ്യൊപ്പ് ചാർത്താനുള്ള കാർണിവൽ. ■


**തണൽ നടുന്നവരുടെ സംഗമം**

**2016 ജൂൺ 4,5**

തൃക്കൈപ്പറ്റ, വയനാട്

*ബന്ധങ്ങൾക്ക്: 9447010397*

**പന്തിഭോജനത്തിന് 100 വയസ്സ്**

**2016 മെയ് 29, ഞായർ.**
**ഉച്ചതിരിഞ്ഞ് 3.00ന്**
**സാഹിത്യ അക്കാദമി, തൃശൂർ**

**പന്തിഭോജനം, പ്രഭാഷണങ്ങൾ**